(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

77 (1118) തിരുവനന്തപുരം പട്ടണത്തിലെ സിറ്റി സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടണത്തിലെ സിറ്റി സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സിറ്റി സർവ്വീസുകളുടെ യാത്രാപരിധി വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സിറ്റിയിൽ സർവ്വീസ് നടത്തുന്ന ഓർഡിനറി ഫാസ്റ്റ് ബസ്സുക്കളുടെ എണ്ണത്തിന് ഏതെങ്കിലും അനുപാതം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം നൽകാമോ;

(ഇ) സിറ്റി സർവ്വീസിലെ ഓർഡിനറി ബസ്സുകളുടെ എണ്ണം അടിക്കടി കുറയുകയും ഫാസ്റ്റ് പാസ്സഞ്ചറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയുമാണെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സിറ്റിസർവ്വീസുകൾ ഇപ്പോൾ സിറ്റി ലിമിറ്റ് കഴിഞ്ഞ് വളരെയധികം ദൂരം വരെ സർവ്വീസ് നടത്തുന്നതുമൂലം പട്ടണ വാസികളുടെ യാത്രാദുരിതം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സിറ്റിസർവ്വീസുകളിൽ രണ്ട് കണ്ടക്ടറെ നിയോഗിച്ചാൽ സർവ്വീസിന്റെ കാര്യക്ഷമത വർധിപ്പിക്കാനും വരുമാനം വർധിപ്പിക്കാനും കഴിയുമെന്നുള്ള അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പ്രത്യേക പദ്ധതി ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടില്ല.

(ബി)&(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഓർഡിനറി സർവ്വീസുകളുടെ എണ്ണം കുറച്ചിട്ട് സിറ്റി ഫാസ്റ്റ് സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുകയാണെന്ന പരാതി ശരിയല്ല. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും നിരന്തരമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സാദ്ധ്യതാപഠനം നടത്തിയ ശേഷമാണ് സർവ്വീസുകൾ ആരംഭിക്കുന്നത്.

(എഫ്) ഉണ്ട്.

(ജി) നിലവിലുള്ള കണ്ടക്ടർമാരുടെ അനുപാതം കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല.

78 (1119) പിറവത്ത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ തുടങ്ങണമെന്ന ആവശ്യം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly